## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . **682**

### മഴക്കാല രോഗങ്ങൾ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജയിംസ് മാത്യൂ | ശ്രീ.വി എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ) മഴക്കാല രോഗങ്ങൾ തടയാൻ ആരോഗ്യവകുപ്പ് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? എങ്കിൽ വിശദമാക്കാമോ? | പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ കർമ്മപരിപാടി (ആക്ഷൻ പ്ലാൻ ) പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നു വരുന്നു. മുഖ്യമന്ത്രിയുടേയും ആരോഗ്യവകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ സംസ്ഥാനതലത്തിലും ജില്ലകളിലും താഴെതട്ടിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും |

| | |
|---|---|
| | ചെയ്തു. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ പരിശീലനം കൊടുത്തു. കൈപ്പുസ്തകങ്ങളും ചികിത്സാമാർഗ്ഗങ്ങളും തയ്യാറാക്കി.<br>● മഴക്കാല പൂർവ്വ ശുചീകരണം കൊതുകുറവിട നശീകരണ ക്യാമ്പെയിനുകൾ , ജലശുദ്ധീകരണ ക്യാമ്പെയിനുകൾ തുടങ്ങിയവ നടപ്പിലാക്കി.<br>ഐ.ഡി.സി.പി വഴി വിവിധ ജില്ലകളിൽ രോഗനിരീക്ഷണം നടത്തി രോഗം പൊട്ടിപുറപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് സത്വര നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുക നിരീക്ഷണം, ശുചിത്വ നിരീക്ഷണം തുടങ്ങിയവ കാര്യക്ഷമമാക്കി.<br>● മരുന്ന്, കൊതുക നിയന്ത്രണ ഉപകരണങ്ങൾ , കീടനാശിനികൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കി.<br>വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾക്കുൾപ്പെടെയുള്ള പകർച്ചവ്യാധി നിയന്ത്രണത്തിന് ഫണ്ട് ലഭ്യമാക്കി. |
| ബി) പി.എച്ച്.സി, സി.എച്ച്.സി തൊട്ട് താലൂക്കാശുപത്രി തലം വരെ അടിയന്തിര സാഹചര്യങ്ങൾ നേരിടാനുള്ള രീതിയിൽ ഡോക്ടർമാർ , മറ്റ് പാരാമെഡിക്കൽ | ഡോക്ടർമാരെയും, പാരാമെഡിക്കൽ ജീവനക്കാരെയും അധികമായി ഇപ്പോൾത്തന്നെ നിയമിച്ചിട്ടുണ്ട്. ആവശ്യാനുസരണം ഇവരെമാറ്റി |

●

| | |
|---|---|
| സ്റ്റാഫുകൾ, ലബോറട്ടറി സൗകര്യങ്ങൾ ഇവ ഒരുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | നിയമിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ലാബ് പരിശോധനകൾക്ക് ആവശ്യമായ ടെസ്റ്റ് കിറ്റ് വാങ്ങികൊടുക്കുകയും കൂടുതൽ കിറ്റ് വാങ്ങുവാൻ ഫണ്ട് അനുവദിച്ചിട്ടുമുണ്ട്. വിദഗ്ധ പരിശോധനകൾ ആവശ്യമായ സാഹചര്യങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് വിദഗ്ധ ലാബുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) മാരകമായ രോഗാണുക്കളെ നശിപ്പിക്കാൻ വിദഗ്ധരുടെ സഹായത്തോടെ എന്തെങ്കിലും കരുതൽ നടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പ് ആലോചിക്കുമോ? | മാരകമായ രോഗാണുക്കളെ വഹിക്കുന്ന വെക്ടറുകളായ കൊതുക് ,ഈച്ച ,എലി എന്നിവയെ നശിപ്പിക്കാനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ ആശുപത്രികളും ഓപ്പറേഷൻ തീയേറ്ററുകളും അണുവിമുക്തമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ജലജന്യ രോഗങ്ങളുടെ രോഗാണുക്കളെ നശിപ്പിക്കുവാൻ വേണ്ടി ക്ലോറിനേഷൻ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ